അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

സിറ്റി കൗമുദിയിൽ

- മരണമണി മുഴക്കി പുളിങ്കുടി പമ്പ് ഹൗസ്
- ഇനി കൈയും വീശി നടക്കാം; നഗരത്തിൽ മൂന്ന് മേൽ പാലം വരുന്നു...!
- സ്മാർട്ട് സിറ്റി കൺസൾട്ടൻസി സാങ്കേതിക മികവിൽ കേമനെ കണ്ടെത്തി

നരസിംഹവിലാസം പ്രാർത്ഥനാ മന്ദിരത്തിൽ ലക്ഷാർച്ചന

തിരുവനന്തപുരം : ജി.എസ്.ബി മഹാസഭയുടെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റിന് സമീപത്തെ ശ്രീനരസിംഹ വിലാസം പ്രാർത്ഥനാ മന്ദിരത്തിൽ നാളെ ലക്ഷാർച്ചന നടക്കും. രാവിലെ 7ന് പുറക്കാട് രതീഷ് വാദ്യാരുടെയും സഞ്ജയ് ഭട്ടിന്റെയും കാർമികത്വത്തിൽ കലശ പ്രതിഷ്ഠ നടക്കും. പഞ്ചാമൃതാഭിഷേകത്തിനശേഷം ആരതി ഉഴിഞ്ഞ് പ്രസാദ വിതരണം നടത്തും.

റെയിൽവേ സ്റ്റേഷൻ മാർച്ച്

തിരുവനന്തപുരം: റെയിൽവേ സ്റ്റേഷനുകളിൽ യൂബർ, ഒലേ തുടങ്ങിയ ഓൺലൈൻ ടാക്സികൾക്ക് അനുമതി നൽകിയതിൽ പ്രതിഷേധിച്ച് ആട്ടോറിക്ഷ, ടാക്സി ലൈറ്റ് മോട്ടോർ വർക്കേഴ്സ് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന വ്യാപകമായി റെയിൽവേ സ്റ്റേഷനുകളിലേക്ക് മാർച്ച് നടത്തി. തിരുവനന്തപുരത്ത് സി.ഐ.ടി.യു ജില്ലാ സെക്രട്ടറി വി. ശിവൻകുട്ടി മാർച്ചും ധർണയും ഉദ്ഘാടനം ചെയ്തു. ബാലരാമപുരം കബീർ അദ്ധ്യക്ഷത വഹിച്ചു. പട്ടം പി. വാമദേവൻ, കെ.എസ്. സുനിൽകുമാർ, വി. സത്യദേവൻ, പി. രാജേന്ദ്രകുമാർ, നാലാഞ്ചിറ ഹരി, എൻ. മുരുകൻ എന്നിവർ സംസാരിച്ചു.

മുന്നണി മാറ്റത്തിൽ പ്രതിഷേധിച്ച് രാജി

തിരുവനന്തപുരം: യു.ഡി.എഫ് വിടാനുള്ള തീരുമാനത്തിൽ പ്രതിഷേധിച്ച് ജനതാദൾ-യു ജില്ലാ സെക്രട്ടറി അഡ്വ. വി. എസ്. സന്തോഷ് പാർട്ടിയിൽ നിന്ന് രാജി വച്ചു. 30 വർഷമായി പാർട്ടിയിൽ പ്രവർത്തിക്കുന്ന സന്തോഷ് ആറ്റിങ്ങൽ നഗരസഭാ മുൻ കൗൺസിലറും മുൻ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും സോഷ്യലിസ്റ്റ് ലായേഴ്സ് സെന്റർ സംസ്ഥാന സെക്രട്ടറിയുമാണ്. അതേസമയം, ജെ. ഡി. യുവിന്റെ പേര് വീരേന്ദ്രകുമാർ ദുരുപയോഗം ചെയ്തുകയാണെന്ന് ആരോപിച്ച് നിതീഷ് കുമാർ പക്ഷം ജെ. ഡി. യുവിന്റെ സംസ്ഥാന പ്രസിഡന്റ് എ. എസ്. രാധാകൃഷ്ണൻ രംഗത്തെത്തി. എൽ. ഡി. എഫിൽ ചേക്കേറാനുള്ള വീരേന്ദ്രകുമാറിന്റെയും സ്ഥിതപാഠകരുടെയും തീരുമാനം രാഷ്ട്രീയ വഞ്ചനയാണെന്നും ജെ. ഡി. യു യു. ഡി. എഫിൽ തുടരുമെന്നും രാധാകൃഷ്ണൻ പ്രസ്താവനയിൽ പറഞ്ഞു.

ഹൈമാസ്റ്റ് ലൈറ്റ് ഉദ്ഘാടനം

തിരുവനന്തപുരം: പാൽക്കുളങ്ങര ദേവീക്ഷേത്രത്തിനു മുന്നിൽ സുരേഷ് ഗോപി എം.പിയുടെ വികസനഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഹൈമാസ്റ്റ് ലൈറ്റിന്റെ ഉദ്ഘാടനം 14 ന് വൈകിട്ട് 6.30ന് സുരേഷ് ഗോപി നിർവഹിക്കും. വാർഡ് കൗൺസിലർ വിജയകുമാരി പങ്കെടുക്കും.

ഹൈമാസ്റ്റ് ലൈറ്റ് ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: പോങ്ങുംമൂട് ശ്രീ പുളിയ്ക്കൽ ഭഗവതിക്ഷേത്രത്തിന് സമീപം സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റിന്റെ ഉദ്ഘാടനം ശശിതരൂർ എം.പി നിർവഹിച്ചു. ഉള്ളൂർ വാർഡ് കൗൺസിലർ ജോൺസൺ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. എം.പിയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചാണ് ലൈറ്റ് സ്ഥാപിച്ചത്. ക്ഷേത്രം ട്രസ്റ്റ് സെക്രട്ടറി അഡ്വ. ജി. വിജയകുമാർ സ്വാഗതവും വൈസ് പ്രസിഡന്റ് വി. എസ്. അനിമോൻ നന്ദിയും പറഞ്ഞു. ട്രസ്റ്റിന്റെ വകയായി എം.പിക്ക് ഉപഹാരം നൽകി.

യുവജനദിനാഘോഷം സംഘടിപ്പിച്ചു

തിരുവനന്തപുരം : സത്യസായി സേവാ ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ സ്വാമി വിവേകാനന്ദ ജയന്തി ആഘോഷം സംഘടിപ്പിച്ചു. കവടിയാർ വിവേകാനന്ദപാർക്കിൽ പുഷ്പാർച്ചയും സർവധർമ്മ ഭജനയും നടന്നു. തുടർന്ന് പാളയം രക്തസാക്ഷി മണ്ഡപത്തിലേക്ക് നടന്ന ബൈക്ക് റാലി ലോകായുക്ത ജസ്റ്റിസ് കെ. പി. ബാലചന്ദ്രൻ ഫ്ലാഗ് ഓഫ് ചെയ്തു. പരിപാടികളുടെ ഭാഗമായി സംഘടന കിഴക്കേകോട്ട ബസ് സ്റ്റാൻഡിൽ സ്ഥാപിച്ച് കുടിവെള്ള വിതരണ സംവിധാനം ജസ്റ്റിസ് എം. ആർ. ഹരിഹരൻ നായർ നാടിന് സമർപ്പിച്ചു. കോ-ഓർഡിനേറ്റർ വി. ഉണ്ണികൃഷ്ണൻ, ജില്ലാ പ്രസിഡന്റ് ഒ. പി. സജീവ്കുമാർ, സമിതി കൺവീനർ ശ്രീകുമാരൻ തമ്പി, തുടങ്ങിയവർ പങ്കെടുത്തു.

മങ്ങനൂർക്കോണം ക്ഷേത്രം

തിരുവനന്തപുരം: പട്ടം മങ്ങനൂർക്കോണം ക്ഷേത്രത്തിലെ മകരവിളക്ക് മഹോത്സവം നാളെ (ഞായർ) നടക്കും. ഉച്ചയ്ക്ക് 12 ന് അന്നദാനം, വൈകിട്ട് 7ന് ദീപാരാധന, 7. 30 ന് ഭക്തിഗാനമേള, രാത്രി 9.30 ന് തിരുവനന്തപുരം അളുല്യയുടെ നാടകം- കഥപറയും കാറ്റ് - എന്നിവയുണ്ടായിരിക്കും.

ലോക കേരളസഭയുടെ ഭാഗമായി നിയമസഭയിൽ നടന്ന സാംസ്കാരിക വിനിമയ വിരുന്ന് ദൃശ്യാഷ്ടകത്തിൽ നിന്ന്

ദൃശ്യാനുഭവം പകർന്ന് ദൃശ്യാഷ്ടകം അരങ്ങുതകർത്തു

തിരുവനന്തപുരം : മിഴാവും ഇലത്താളവും ഇടയ്ക്കയും ചേർന്നൊരുക്കിയ ലയതാളത്തിൽ ഭാവ രസങ്ങളാടിയ കൂടിയാട്ടത്തിൽ നിന്ന് കേരളത്തിന്റെ തെക്കുവടക്കുകളെ കോർത്തിണക്കി ഒഷനഷാട്ടിൽ ലയിഷിച്ച ദൃശ്യാഷ്ടകം ലോകകേരള സഭയിലെത്തിയ വിശ്വമലയാളിക്ക് നവ്യാനുഭവമായി.

കേരളത്തിലെ എട്ടുദിക്കുകളിൽ രൂപംപൂണ്ട നനുത്തകലാരൂപങ്ങളെകോർത്തിണക്കിയ പരിപാടിയായിരുന്നു ദൃശ്യാഷ്ടകം. കേരളത്തിന്റെനാട്ടഭാഷകളുടെ വിന്യാസഭംഗിയെ കൂട്ടുപിടിച്ച് ജയരാജ് വാര്യരാണ് ദൃശ്യാഷ്ടകം അവതരിഷിച്ചത്. ചെണ്ടത്താളം മുറുക്കിയെത്തിയ കണ്ണൂരിന്റെ തെയ്യവും കൊച്ചിയുടെ തീരദേശങ്ങളിൽ ചട്ടലതാളം മുഴക്കുന്ന ചവിട്ടനാടകവും മോഹിനിയാട്ടവും മധ്യതിരുവിതാംകൂറിന്റെ പടയണിത്താളവും അസുലഭമായ അനുഭൂതിയാണ് സൃഷ്ടിച്ചത്.

ജില്ലയിലെ കാണിക്കാർക്കിടയിൽ മാത്രം പരിചയമുള്ള പൂഷടയാട്ടവും വിളക്കുകെട്ടുകളിയും അപൂർവാനുഭവമായി. തൃശ്ശൂരിന്റെ പുലികളിക്ക് കുടവയറൻപുലികൾ അണിനിരന്നെത്തിയതിന് ജയരാജ് വാര്യരുടെ 'ഇത് വൈറൽ ആകുന്ന പരിപാടിയാണെന്ന്' ആമുഖവും സദസിന് രസിച്ചു.

ഒഷനയോടെയാണ് ദൃശ്യാഷ്ടകത്തിന് തിരശീലവീണത്. പ്രമോദ് പയ്യന്നൂരാണ് സംവിധാനം ചെയ്തത്. തുടർന്ന് പ്രഭാവർമ്മ രചിച്ച് ശരത് സംഗീതം നൽകിയ മുദ്രാഗാനവുമുണ്ടായിരുന്നു.

വിവിധ ജില്ലകളിലെ വായ്മൊഴിവഴക്കങ്ങൾ തന്മയത്വത്തോടെ ജയരാജ് വാര്യർ അവതരിഷിച്ചു. ഇടയ്ക്ക് ശബ്ദാനുകരണത്തിലൂടെ ഇ.കെ. നയനാരും കെ. കരുണാകരനും ചലച്ചിത്ര നടൻ ഭരത് ഗോപിയും എം.ടി. വാസുദേവൻ നായരും മോഹൻലാലും അഴീക്കോടുമൊക്കെ എത്തിയതും കാണികൾക്ക് കൗതുകമായി.

ലോക കേരളസഭ: ചർച്ചാവേദിയിൽ തീപിടിത്തം

തിരുവനന്തപുരം: ലോക കേരള സഭയിൽ പശ്ചിമേഷ്യൻ പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള യോഗത്തിന്റെ വേദിയിലുണ്ടായ തീപിടിത്തം പരിഭ്രാന്തി പരത്തി. പ്രധാനവേദിയായ നിയമസഭയുടെ ശങ്കരനാരായണൻ തമ്പി ഹാളിലെ വേദിക്കുമുകളിലെ സ്പോട്ട് ലൈറ്റിനാണ് 3 മണിക്ക് തീപിടിച്ചത്.

തീകത്തിയതോടെ വേദിയിലുള്ളവരെല്ലാം താഴേയ്ക്കിറങ്ങി. ഉടൻതന്നെ ജീവനക്കാർ ഫയർ എക്സ്റ്റിംഗ്വിഷർ ഉപയോഗിച്ച് തീയണച്ചു. പത്ത് മിനിട്ടിലധികം നടപടികൾ തടസപ്പെട്ടു.

ഈ സമയത്ത് മന്ത്രിമാരായ കെ. ടി. ജലീൽ, ടി. പി. രാമകൃഷ്ണൻ, എം. പി മാരായ എ. സമ്പത്ത്, പി. വി. അബ്ദുൾ വഹാബ്, എം. എൽ. എ മാരായ കെ. വി. അബ്ദുൾ ഖാദർ, എം. കെ. മുനീർ, സണ്ണി ജോസഫ്, വ്യവസായി രവിപിള്ള, ബെന്യാമിൻ, കെ. എസ്. ചിത്ര, ചലച്ചിത്രതാരം ശോഭന, ആശാശരത് തുടങ്ങിയവർ വേദിയിലും സദസിലുമായുണ്ടായിരുന്നു.

ലോക കേരളസഭനടക്കുന്ന ശങ്കരനാരായണൻ തമ്പി ഹോളിൽ മുകളിൽ തൂക്കിയിട്ട ലൈറ്റിൽ തീപിടിച്ചപ്പോൾ ഫയർ എസ്റ്റിംഗ്യുഷൻ ഉപയോഗിച്ച കെടുത്തുന്നു

തിങ്കളാഴ്ച നഗരത്തിൽ ജലവിതരണം മുടങ്ങും

തിരുവനന്തപുരം: 400എം.എം പ്രീമോ പൈപ്പ് ലൈനിൽ അറ്റകുറ്റപണികൾ നടക്കുന്നതിനാൽ എ.കെ.ജി സെന്റർ, ജനറൽ ഹോസ്പിറ്റൽ, വഞ്ചിയൂർ, പാറ്റൂർ, ആനയറ, പേട്ട, ചാക്ക, ആൾസെയിന്റ്സ് ജംഗ്ഷൻ, വെട്ടുകാട്, വേളി, ശംഖുംമുഖം എന്നീ പ്രദേശങ്ങളിൽ തിങ്കളാഴ്ച രാവിലെ 10 മുതൽ രാത്രി 11 വരെ കുടിവെള്ളവിതരണം തടസ്സപ്പെടുമെന്ന് അസി. എക്സിക്യുട്ടീവ് എൻജിനിയർ അറിയിച്ചു.

വാഹനാപകടത്തിൽ രണ്ടു പേർക്ക് പരിക്ക്

തിരുവനന്തപുരം: വിഴിഞ്ഞത്ത് കെ.എസ്.ആർ.ടി.സി ബസും ഓട്ടോറിക്ഷയും കൂട്ടിയിടിച്ച് ആട്ടോയാത്രക്കാരായ റോബിൻസൺ (29), ബിജു (26) എന്നിവർക്ക് ഗുരുതരമായി പരിക്കേറ്റു. ഇവരെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

സ്കൂൾ കോമ്പൗണ്ടിലെ മാലിന്യ ടാങ്ക് നിറഞ്ഞു കവിഞ്ഞു
വിദ്യാർത്ഥികൾ റോഡ് ഉപരോധിച്ചു

കരമന: സ്കൂൾ വളപ്പിലെ മാലിന്യടാങ്ക് നിറഞ്ഞു കവിഞ്ഞ് ദുർഗന്ധം പരന്നതോടെ പൊറുതിമുട്ടിയ വിദ്യാർത്ഥികൾ കരമന - കളിയിക്കാവിള ദേശീയപാത ഉപരോധിച്ചു. കരമന ഗവ. ബോയ്സ്ഹൈസ്സ്കൂൾവിദ്യാർത്ഥികളാണ്റോഡുപരോധിച്ചത്.സ്കൂളിന് സമീപത്തെ അമ്പതോളം വീടുകളുടെയും ഹോട്ടലുകളുടെയും മാലിന്യപൈപ്പ്സ്കൂൾകോമ്പൗണ്ടിലൂടെയാണ്കടന്നുപോകുന്നത്.

ഇവിടെയുള്ള വലിയ ടാങ്കിലാണ് ഈ മാലിന്യങ്ങൾ എത്തുന്നത്. റോഡരികിലെ വീടുകൾഉയർന്നസ്ഥലത്തും സ്കൂൾ താഴ്ന്നപ്രദേശത്തുമാണ്സ്ഥിതിചെയ്യുന്നത്. വർഷങ്ങൾക്കുമുൻപാണ് സമീപവാസികൾക്കായി മാലിന്യടാങ്ക് സ്കൂൾ കോമ്പൗണ്ടിൽ സ്ഥാപിച്ചത്. അപ്പോഴൊന്നും ടാങ്ക് നിറഞ്ഞുകവിഞ്ഞിട്ടില്ല. ഈയിടെ ഹൈവേയിൽസ്കൂളിനടുത്ത്വലിയഹോട്ടലും സൂപ്പർ മാർക്കറ്റും വന്നതോടെയാണ്സ്കൂൾകോമ്പൗണ്ടിൽ സ്ഥാപിച്ച ടാങ്ക് നിറഞ്ഞൊഴുകിയതെന്ന് വിദ്യാർത്ഥികൾ പറയുന്നു.

കുട്ടികൾക്ക് ശ്വാസതടസവും ഛർദ്ദിയും അസ്വസ്ഥതയും ഉണ്ടാകുന്നതിനാലാണ് ഇത് കാരണമായി. അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുപോലെ ദുരിതത്തിലായി. ഇതു സംബന്ധിച്ച പരാതി ആരോഗ്യവകുപ്പിനും നഗരസഭയ്ക്കുംനൽകിയിട്ടുംയാതൊരു നടപടിയും ഉണ്ടാകാത്തതിൽ പ്രതിഷേധിച്ചാണ് വിദ്യാർത്ഥികൾ ഇന്നലെ ദേശീയ പാത ഉപരോധിച്ചത്.

തുടർന്ന് കരമന വാർഡ് കൗൺസിലർ അജിത് സ്ഥലത്തെത്തി എത്രയും വേഗം പരിഹാരം കണ്ടെത്താമെന്ന് വിദ്യാർത്ഥികൾക്ക് ഉറപ്പു നൽകി. കരമന പൊലീസിന്റെ സമയോചിത ഇടപെടലും കൊണ്ടാണ് വിദ്യാർത്ഥികൾ റോഡ് ഉപരോധം അവസാനിപ്പിച്ച് ക്ലാസുകളിലേക്ക് മടങ്ങിയത്.

ദേശീയപാത ഉപരോധിക്കുന്ന കരമന ഗവ. ബോയ്സ് ഹൈസ്കൂൾ വിദ്യാർത്ഥികൾ

കുഴിവിളാകത്ത് തമ്പുരാൻ ക്ഷേത്രം

തിരുവനന്തപുരം : കിഴക്കുംകര കുഴിവിളാകത്ത് തമ്പുരാൻ ക്ഷേത്രത്തിൽ തിങ്കളാഴ്ച രാവിലെ ക്ഷേത്ര ശാന്തി സൗമിത്രന്റെ മുഖ്യ കാർമ്മികത്വത്തിൽ സമൂഹ ഗണപതിഹോമവും ഒരുഭക്തന്റെ നേർച്ച പ്രകാരം കഞ്ഞിസദ്യയും ഉണ്ടായിരിക്കുമെന്ന് ക്ഷേത്ര സെക്രട്ടറി കെ.പി. ശൈല ചന്ദ്രൻ അറിയിച്ചു.

ആധാർ എടുക്കാം

തിരുവനന്തപുരം : ആധാർ എടുത്തിട്ടില്ലാത്തവർക്കും മേൽവിലാസം, പ്രായം, മൊബൈൽ നമ്പർ, ഫോട്ടോ തുടങ്ങിയവ മാറ്റം വരുത്തേണ്ടവർക്കും കാർഡ് എടുക്കുന്നതിനുള്ള സൗകര്യം മണക്കാട് അക്ഷയയിലും വെങ്ങാനൂർ അക്ഷയയിലും ഒരുക്കിയിട്ടുണ്ട്. ഫോൺ: 9895071109.

അനുസ്മരിച്ചു

തിരുവനന്തപുരം : എഴുത്തുകാരനും സാമൂഹ്യപ്രവർത്തകനുമായിരുന്ന എ. ഷാഹുൽ ഹമീദിനെ വക്കം മൗലവി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ അനുസ്മരിച്ചു. ഇ.എം. നജീബ് ഉദ്ഘാടനം ചെയ്തു. എ.സുഹൈർ, ഡോ.കായംകുളം യൂനസ് തുടങ്ങിയവർ പങ്കെടുത്തു.

ഇക്ബാൽ കോളേജ് ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫ. ജെ. എസ്. ജഹാംഗീർ രചിച്ച സ്ക്രച്ച് ആൻഡ് സിംബോളിക് സ്റ്റഡി ഒഫ് ഡിസ് ഏബിൾഡ് ക്യാരക്ടേഴ്സ് ഇൻ സെലക്ട് ഇന്ത്യൻ ഫിലിംസ് എന്ന പുസ്തകം എം.ജി. രാധാകൃഷ്ണൻ ഡോ. അബ്ദുൾ അസീസിന് നൽകി പ്രകാശനം ചെയ്യുന്നു. സി. ഗൗരീദാസൻ നായർ, എൻ. എ. ബഷീർ, ഉമ്മൻ വർഗീസ്, കെ. ജി. രാധാകൃഷ്ണൻ, എ. നിസാമുദ്ദീൻ, എ. ഷാനവാസ് ഖാൻ, എ. ലാൽ സലാം എന്നിവർ പങ്കെടുത്തു

തീർത്ഥപാദമണ്ഡപത്തിൽ അയ്യപ്പദർശനത്തിന് തിരിതെളിഞ്ഞു

തിരുവനന്തപുരം: അനന്തപുരി ഹിന്ദുമഹാ സമ്മേളനത്തിനു മുന്നോടിയായി കിഴക്കേകോട്ട തീർത്ഥപാദമണ്ഡപത്തിൽ അയ്യപ്പദർശനത്തിന തിരിതെളിഞ്ഞു.

അഞ്ചുദിവസം നീണ്ടുനിൽക്കുന്ന സമ്മേളന പരിപാടികൾ അയ്യപ്പസേവാസമാജം സംഘടനാ സെക്രട്ടറി വി. കെ. വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു.

മണ്ഡലകാലത്തെ ചിലർ വിവാദങ്ങളുടെ കാലമാക്കി മാറ്റാൻ ശ്രമിക്കുന്നതായി അദ്ദേഹം പറഞ്ഞു.

അനന്തപുരി ഹിന്ദു മഹാസമ്മേളനം ഓർഗനൈസിംഗ് ചെയർമാൻ ആർ. എസ്. നായർ അദ്ധ്യക്ഷത വഹിച്ചു.

'അയ്യപ്പദർശനം 2018' ചെയർമാൻ പി. സുധാകരൻ ആമുഖ പ്രഭാഷണം നടത്തി. കേരള ക്ഷേത്ര സംരക്ഷണസമിതി ഉപാദ്ധ്യക്ഷൻ സി. കെ. കുഞ്ഞ്, ഹിന്ദു ധർമ പരിഷത് വർക്കിംഗ് ചെയർമാൻ പി. അശോക് കുമാർ, ബ്രാഹ്മണസഭ ജില്ലാ പ്രസിഡന്റ് എച്ച്. ഗണേഷ് എന്നിവർ സംസാരിച്ചു.

ഇന്ന് വൈകിട്ട് നടക്കുന്ന പൊതുസമ്മേളനത്തിൽ ജെ. നന്ദകുമാർ സംസാരിക്കും. മാദ്ധ്യമ പ്രവർത്തകൻ ജി.കെ. സുരേഷ്ബാബു രചിച്ച ലൗജിഹാദ്, കമ്യൂണിസ്റ്റ് ഭീകരത എന്നീ പുസ്തകങ്ങൾ പ്രകാശനം ചെയ്യും.

വെയിലൂർക്കോണം ക്ഷേത്രം

തിരുവനന്തപുരം: ശ്രീകാര്യം ചെറുവയ്ക്കൽ വെയിലൂർക്കോണം ഭഗവതി ക്ഷേത്രത്തിലെ മകരവിളക്ക് ഉത്സവം 15ന് സമാപിക്കും.

രാവിലെ 5.30 ന് സമൂർണ നെയ് വിളക്ക്, 9. 05 ന് പൊങ്കാല, 10 ന് പൊങ്കാല നിവേദ്യം, വൈകിട്ട് 6ന് ചെണ്ടമേളം, 8. 40 ന് ആറുനാഴി പായസ നിവേദ്യം എന്നിവയുണ്ടായിരിക്കും.

പൂർവ - അദ്ധ്യാപക വിദ്യാർത്ഥി സംഗമം

തിരുവനന്തപുരം : പെരിങ്ങമ്മല ഇക്ബാൽ കോളേജിലെ 1964 മുതൽ 2017 വരെയുള്ള പൂർവ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും കൂട്ടുബ സംഗമം 14 ന് രാവിലെ 10 മുതൽ കോളേജിൽ നടക്കും.

എല്ലാ പൂർവ വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുക്കണമെന്ന് പ്രിൻസിപ്പൽ യു. നാസറുദ്ദീൻ അറിയിച്ചു.



'കോലത്തുകര മഹിമ' എന്ന പുസ്തകത്തിന്റെ കോഷി എസ്. എൻ. ഡി. പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന് ഗ്രന്ഥകർത്താവും എസ്. എൻ ട്രസ്റ്റ് ഡയറക്ടർ ബോർഡ് അംഗവുമായ കോലത്തുകര മോഹനൻ നൽകിയപ്പോൾ

'നീ തനിച്ചല്ല, ലോകം നിന്റെ കൂടെ'

കഴക്കൂട്ടം: 'നീ തനിച്ചല്ല ഈ ലോകം നിന്റെ കൂടെ' എന്ന സന്ദേശം ഉയർത്തി പന്ത്രണ്ടായിരത്തിലധികം ഭിന്നശേഷി വിദ്യാർത്ഥികൾ സ്കൗട്ട്ആൻഡ് ഗൈഡ്സ്, സ്റ്റുഡന്റ് പൊലീസ് കേഡറ്റുകളുമായി കൈകോർത്തപ്പോൾ പിറന്നത് ഏഷ്യൻ ബുക്ക് ഒഫ് റെക്കാഡ്. ഭിന്നശേഷിക്കാരുടെ സ്പെഷ്യൽ ഒളിമ്പിക്സിനോട് (ഏകത 2018) അനുബന്ധിച്ച് ഇന്നലെ വൈകിട്ട് എൽ. എൻ. സി. പി. ഇയിൽ നടന്ന യൂണിഫൈഡ് മാർച്ചാണ് ലോകത്തിന് മാതൃകയായത്.

കേരളത്തിലെ മുഴുവൻ ജില്ലകളിലെ സ്പെഷ്യൽ സ്കൂകളിലും ബഡ്സ് സ്കൂളുകളിൽ നിന്നുമായി ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന പതിനായിരത്തിലധികം കായിക താരങ്ങൾ പങ്കെടുത്തു.

പൂയം തിരുനാൾ ഗൗരി പാർവതി ഭായി ഉദ്ഘാടനം ചെയ്തു. പ്രതിപക്ഷവനേതാവ് രമേശ് ചെന്നിത്തല, പി. സി. ജോർജ് എം. എൽ. എ, ഗോപിനാഥ് മുതുകാട്, എൽ. എൻ. സി. പി പ്രിൻസിപ്പൽ ഡോ. കിഷോർ, ഫാ. റോയി മാത്യു വടക്കേൽ തുടങ്ങിയവർ പങ്കെടുത്തു.

വിശിഷ്ട വ്യക്തികൾക്കൊപ്പം വിദ്യാർത്ഥികൾ ഗ്രൗണ്ടിൽ അണിനിരന്നപ്പോൾ

മത്സ്യത്തൊഴിലാളി സംരക്ഷണത്തിന് നിയമം വേണം

തിരുവനന്തപുരം : മത്സ്യത്തൊഴിലാളികളുടെ ജീവനും തൊഴിലും ജീവനോപാധികളും സംരക്ഷിക്കുന്ന തരത്തിൽ നിയമനിർമ്മാണം നടത്താൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ തയ്യാറാകണമെന്ന് എ. ഐ. ടി. യു. സി സംസ്ഥാന ജനറൽ സെക്രട്ടറി കെ. പി. രാജേന്ദ്രൻ ആവശ്യപ്പെട്ടു. സി. പി. ഐ ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് എ. ഐ. ടി. യു. സി ജില്ലാ കൗൺസിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സി. പി. ഐ ജില്ലാ സെക്രട്ടറി ജി. ആർ. അനിൽ അദ്ധ്യക്ഷത വഹിച്ചു. എം. രാധാകൃഷ്ണൻ നായർ വിഷയം അവതരിപ്പിച്ചു.

കൂടുതൽ പ്രാദേശിക വാർത്തകൾ : പേജ് 3, 9, 12